വൈപ്പിൻ പള്ളിപ്പുറം കരയും എറണാകുളവും തമ്മിൽ റോഡുമാർഗ്ഗം ബന്ധിക്കാവുന്ന ഏതെങ്കിലും പദ്ധതി ഗവൺമെണ്ടിന്റെ ശ്രദ്ധക്കു വിഷയീഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണതു"?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വൈപ്പിൻ കരയെ എറണാകുളവുമായി ഘടിപ്പിക്കത്തക്ക നിലയിൽ പാലങ്ങളും ഇടവാനായിട്ട് ഒരു സ്കീം ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നുണ്ട്.

P. W. D. ROAD—CHENNAMANGALAM

ൟ൪. മിസ്റ്റർ എം. കെ. വർഗ്ഗീസ്": താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ചേന്ദമംഗലം വില്ലേജിൽ എത്ര മൈൽ പി. സബ്ലിയു. ഡി. റോഡുണ്ടു";

(ബി) ഈ വില്ലേജിൽ റോഡുനിർമ്മാണത്തിന്റെ ആവശ്യത്തിലേക്കു ഗവർമ്മെണ്ടു വല്ല സർവ്വെയും നടത്തിയിട്ടുണ്ടോ, എന്നാണതു";

(സി) ചേന്ദമംഗലം വില്ലേജിൽ വടക്കുപുറവും ഗോതുരുത്തിയും തമ്മിൽ ഘടിപ്പിക്കുന്ന ഒരു പബ്ലിക്ക് റോഡിന്റെ ആവശ്യകത ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) ഒരു നാഴിക, മൂന്നു ഫർലോങ്ങ്", ൩൭ വാര.

(ബി) ഈ വില്ലേജിൽ വാഹനഗതാഗതത്തിനുതകുന്ന ഒരു റോഡു നിർമ്മാണത്തിലേക്കു ൨൨൨൭-ൽ ഒരു സർവ്വെ നടത്തീയിട്ടുണ്ട്.

(സി) ഉവ്വ്.

TEAK—PLANTATION OF

൨൫൫. മിസ്റ്റർ കെ. എസ്സ്". പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇപ്പോഴത്തെ ഫോറസ്റ്റ് കൺസർവേറ്റർ കൺസർവേറ്ററുടെ ഉദ്യോഗത്തിൽ പ്രവേശിച്ചതിനുശേഷം ആകെ എത്ര തേക്കിൻതൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ടു"; എവിടെയെല്ലാം; (ഓരോ സ്ഥലങ്ങളിൽ നട്ടുപിടിപ്പിച്ചതിന്റെ കണക്കു വേവ്വേറെ കാണിക്കണം)

(ബി) ഇദ്ദേഹം കൺസർവേറ്ററായി നിയമിക്കപ്പെട്ടതിനുശേഷം കൊച്ചി മലകളിൽ നിന്നു ആകെ എത്ര തേക്കുമരങ്ങൾ മുറിച്ചുപോയിട്ടുണ്ടു"; ആകെ എത്ര തൈകൾ മുറിച്ചുപോയിട്ടുണ്ട്";

(സി) തേക്കുമുറിച്ചു വിറ്റവകയിൽ ആകെ എത്ര വരവുണ്ടായിട്ടുണ്ടു";

(ഡി) മൂന്നുകൊല്ലം മുതൽ പത്തുകൊല്ലംവരെ പ്രായമുള്ള തേക്കിൻതൈകൾ ആകെ എത്രായിരം ഇദ്ദേഹം കൺസർവേറ്ററായതിനുശേഷം മുറിച്ചിട്ടുണ്ടു"? (അവകളുടെ പ്രായം പ്രത്യേകം കാണിക്കണം).

മിസ്റ്റർ എസ്സ്": വെങ്കിടേശ്വരൻ: (എ) ൨൨൨൯-ലും ൨൨൩൦-ലും തേക്കിൻതൈകൾ വച്ചു സ്ഥലങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

സ്ഥലവിവരം	എക്രു"		
	൨൨൨൯—	൨൨൩൦	
(൧) എളനാട്ട ബ്ലോക്ക്"	൫൩. ൫൦	൩൫൦	സർക്കീയാത്തതിനാൽ ഇല്ല എന്നു മറുപടി.
(൨) അകമല	൫൫. ൬൫	൬൫	
(൩) അരിയശ്ശേരി	൫൩. ൫൦	൬൫	
(൪) അമ്പലപ്പാട്ട്	..	൫൦൦	
(൫) ചെപ്പിലക്കോട്ട്	൫൩. ൬൫	൨൫൫൦	
(൬) ചുള്ളി	..	൨൫൫൦	
(൭) മഞ്ഞിയം	൩൫ ൬.൩൦	൨൫൫൦	
(൮) പാലപ്പിള്ളി	..	൨൫൫൦	
(൯) നെല്ലുവായ	൫൫൫. ൨൬	൨൦൦	
	വ൬൩-൯൬	൨൫൫൦	

LIBRARY ARCHIVES Kerala Legislative Assembly

(ബി) തെക്കിൻതോട്ടങ്ങളിൽനിന്ന മൂത്ത മരങ്ങൾ മുറിച്ചിട്ടില്ല. കുപ്പുകളിൽനിന്ന മുറിച്ചവയുടെ എണ്ണം ആവക ലിസ്റ്റുകൾ ഓരോന്നും പരിശോധിച്ചു എടുക്കേണ്ടതിനാൽ കണക്കുതരുവാൻ ഇപ്പോൾ പ്രയാസമാണ്.

തൈക്കൾ മുറിക്കുന്നതിന് എണ്ണം കണക്കുവക്കാറില്ല. പക്ഷെ താഴെ കാണിച്ചിരിക്കുന്ന തോട്ടങ്ങളിൽനിന്നും ഇട എടുത്തിട്ടുണ്ട്.

രാമവർമ്മപ്പുരം റേഷൻ	൪൩൦ ഏക്കർ
പെട്ടികാളം	൧൧൫ ,,
പാലപ്പിള്ളി	൨൪൪ ,,
അമ്മാടിക്കുന്ന	൧൦൦ തീർത്തുമുറിച്ചു

(സി) തേക്ക തടികൾ, കഴകൾ, തൈക്കഴകൾ, വിറകുവെട്ട്, കാലു് ഇവ വിറ്റഇനങ്ങളിൽനിന്ന ൧൧, ൪൦, ൧൫൬. രൂപ. വരവുണ്ടായിട്ടുണ്ട്.

(ഡി) ൪൩൦ ഏക്കറയിൽ തൈക്കൾ ഇട എടുത്തിട്ടുണ്ട്. ഇതിന്റെ എണ്ണം പറയുവാൻ സാദ്ധ്യമല്ല. കാരണം ഇതിൽ ഒരുഭാഗം ഉപയോഗശൂന്യമായി വെട്ടിയ സ്ഥലത്തുതന്നെ ഇട്ടുകളഞ്ഞതാണ്.

ILL-TREATMENT OF COLONY WARDENS

246. Mrs. Dakshayani Velayudhan *(Nominated)* : Will Government be pleased to state.—

whether it has received any complaint regarding the ill-treatment by the colony wardens on the occupants of the colony houses?

Mr. Parambi Lonappen *(Minister for Rural Development)* : No.

OLD WELLS—DEPRESSED CLASS COLONIES—REPAIRS TO

൨൪൭. മിസ്റ്റർ കെ. കെ. കണ്ണൻ :

ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്ന താഴെ പറയുന്ന ചോദ്യങ്ങൾക്ക സദയം മറുപടി പറയുമോ.—

(എ) ൧൯൫൭, ൧൯൫൮, ൧൯൫൯, ൧൯൬൦, എന്നീ ഓരോ കൊല്ലവും അധഃകൃതഡിപ്പാർട്ടുമെണ്ടിൽനിന്ന എത്ര പഴയ കിണറുകൾ നന്നാക്കുവാനാണ് ഗവർമ്മെണ്ടിൽനിന്ന അനുവദിച്ചിട്ടുണ്ടായിരുന്നത്;

(ബി) പ്രസ്തുത ഓരോ കൊല്ലവും എത്ര കിണറുകൾ എവിടെയെല്ലാമാണ് നന്നാക്കുവാൻ അധഃകൃതസംരക്ഷണവകുപ്പ് തീരുമാനിച്ചിരുന്നത്;

(സി) മേൽപറഞ്ഞ കൊല്ലങ്ങളിൽ കിണറുകൾ നന്നാക്കുവാൻ നിശ്ചയിച്ചിരുന്നിട്ട നന്നാക്കുവാൻ സാധിക്കാതിരുന്നിട്ടുള്ളത് എവിടെയെല്ലാമാണെന്നും അത ഏതേത കൊല്ലങ്ങളിൽ എത്രവീതമാണെന്നും വ്യക്തമായി പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ :

(എ)

൧൯൫൭-ൽ	൧൫.
൧൯൫൮-ൽ	൨൩.
൧൯൫൯-ൽ	൭.
൧൯൬൦-ൽ	൧൫.

(ബി) & (സി) മേശപ്പുറത്ത വെച്ചിരിക്കുന്ന പട്ടിക നോക്കുക.

൨൪൮. മിസ്റ്റർ കെ. കെ. കണ്ണൻ :

ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്ന താഴെ പറയുന്ന ചോദ്യങ്ങൾക്ക സദയം മറുപടി പറയുമോ.—

(എ) ൧൯൫൭, ൧൯൫൮, ൧൯൫൯, ൧൯൬൦ എന്നീ ഓരോ കൊല്ലത്തിലും കിണറുകൾ കഴിക്കുന്നതിന്ന അധഃകൃത ഡിപ്പാർട്ടുമെണ്ടിലേക്ക അനുവദിച്ചിരുന്ന സംഖ്യയെത്ര;

(ബി) ഓരോ കൊല്ലത്തിലും അധഃകൃതസംരക്ഷണവകുപ്പിൽ പ്രസ്തുത ആവശ്യത്തിന്ന നീക്കിവെച്ചിരിക്കുന്ന സംഖ്യകൊണ്ട് എത്ര കിണറുകൾവീതം കഴിക്കുവാനാണ് അനുവദിച്ചിരുന്നതെന്നും, ഓരോ കൊല്ലവും എവിടെയെല്ലാമാണ് കിണറുകൾ കഴിക്കുവാൻ ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly